സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജി-സ്പാർക്ക് സംവിധാനം വഴി ശമ്പളം വിതരണം ചെയ്യുന്ന സംഗതി- മാനുവൽ ബില്ലിംഗിൽ നിന്നും കമ്പ്യൂട്ടറൈസ്ഡ് ബില്ലിംഗിലേക്ക് മാറുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആർ.ഒ.സി.16335/17/ഇഡിപി. തിരുവനന്തപുരം, 25.07.2024

പരാമർശം:1. 11/06/2024 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.
2. 03/07/2024 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.
3. ടെക്നിക്കൽ കമ്മിറ്റി മുഖ്യ ഉപദേഷ്ടാവ് ഡോ:പി.വിനോദ് ഭട്ടതിരിപ്പാടിന്റെ 12/07/2024 ലെ കത്ത്.
4. ഓട്ടോമേഷൻ പ്രൊജക്ട് മാനേജരുടെ 15/07/2024 ലെ 06/2024/പിഎംഐടി നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളം 2024 ജൂൺ മാസം മുതൽ ജി-സ്പാർക്ക് സംവിധാനം മുഖേന മാത്രം വിതരണം ചെയ്യുന്നതിന് നിർദ്ദേശിച്ച് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചു.(പരാമർശം-1).

ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ ജി-സ്പാർക്ക് സോഫ്റ്റ്‌വെയറിലേക്ക് രേഖപ്പെടുത്തുന്ന നടപടികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ 2024 ജൂൺ മാസത്തെ ശമ്പളം മാത്രം മാനുവൽ ബില്ലായി നൽകുന്നതിന് അനുവദിച്ചും, എന്നാൽ ജൂലൈ മാസം (07/2024) മുതലുള്ള ശമ്പളം ജി-സ്പാർക്ക് മുഖാന്തിരമല്ലാതെ നൽകുവാൻ പാടില്ലാത്തതാണെന്ന് നിർദ്ദേശിച്ചും ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചു.(പരാമർശം-2).

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജി-സ്പാർക്ക് സംവിധാനം കാര്യക്ഷമമായി നടപ്പാക്കുന്നതിലേക്കായി 'പാരലൽ ചെയ്ഞ്ച് ഓവർ' മാതൃക സ്വീകരിക്കുന്നത് സംബന്ധിച്ചും, ജീവനക്കാർക്കായി ഗ്രൂപ്പ്/ദേവസ്വം ജില്ലാ തലങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ചുമുള്ള വിവിധ ശിപാർശകൾ ഉൾക്കൊള്ളുന്ന ടെക്നിക്കൽ കമ്മിറ്റി മുഖ്യ ഉപദേഷ്ടാവ് ഡോ:പി.വിനോദ് ഭട്ടതിരിപ്പാടിന്റെ കത്ത് (പരാമർശം-3), ഓട്ടോമേഷൻ പ്രൊജക്ട് മാനേജരുടെ റിപ്പോർട്ട് (പരാമർശം-4) എന്നിവ ലഭ്യമായി.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജി-സ്പാർക്ക് സംവിധാനം കാര്യക്ഷമമായി നടപ്പാക്കുന്ന വിഷയം സംബന്ധിച്ച പരാമർശം(3) കത്തിലെ ശിപാർശകളും, പാരാമർശം(4) റിപ്പോർട്ടും ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

## ഉത്തരവ്

1. 2024 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ ശമ്പളബില്ലുകൾ ജി-സ്പാർക്കിലൂടെ തയ്യാറാക്കുന്നതിനൊപ്പം മാനുവലായും തയ്യാർ ചെയ്ത് ശമ്പള വിതരണം നടത്തേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ ജി-സ്പാർക്കിലെ വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. തുടർ നിർദ്ദേശങ്ങൾ നൽകുന്നതിന് അക്കൗണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.
2. ജൂലൈ മാസത്തെ ശമ്പളബില്ലുകൾ ജി-സ്പാർക്ക് സംവിധാനത്തിൽ ജൂലൈ മാസം 27-ാം തീയതി മുതൽ തയ്യാറാക്കി തുടങ്ങേണ്ടതും അപ്രകാരം ചെയ്യുന്നുവെന്ന് എല്ലാ ഓഫീസ് മേധാവികളും ഉറപ്പ് വരുത്തേണ്ടതുമാണ്.
3. ജി-സ്പാർക്ക് നടപ്പാക്കുന്നത് സംബന്ധിച്ച് പരിശീലനം ലഭ്യമാകാത്ത തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ബന്ധപ്പെട്ട ജീവനക്കാർക്ക് ജി-സ്പാർക്ക് ഉദ്യോഗസ്ഥർ /പരിശീലനം ലഭിച്ച ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർ എന്നിവർ മുഖേന ഗ്രൂപ്പ് തലത്തിലോ ദേവസ്വം ജില്ലാ തലത്തിലോ പരിശീലന ക്ലാസ്സ് അടിയന്തരത്തിൽ നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)

**സെക്രട്ടറി**

പകർപ്പ്:-

1. ദേവസ്വം കമ്മീഷണർ (തുടർ നടപടിയ്ക്കായി)
2. ചീഫ് എൻജിനീയർ (തുടർ നടപടിയ്ക്കായി)
3. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
4. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ (തുടർ നടപടിയ്ക്കായി)
5. ഐടി ഡിവിഷൻ *(പ്രസിദ്ധീകരണത്തിനായി)*
6. സെക്ഷൻ ഫയൽ
7. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ,

അസിസ്റ്റന്റ് സെക്രട്ടറി